**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1715** **20-06-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന സ്മാർട്ട് കൃഷിഭവനുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കുണ്ടറ നിയോജക മണ്ഡലത്തിലെ കൃഷി ഭവനുകൾ സ്മാർട്ട് കൃഷി ഭവൻ ആക്കി പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സ്മാർട്ട് കൃഷി ഭവനുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | E-Governance ലൂടെയും സാങ്കേതികവിദ്യ സംയോജിപ്പിച്ചും കൃഷിഭവനുകളെ നവീകരിക്കുകയും കൃഷി ഭവൻ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും കൃത്യസമയത്ത് സേവനങ്ങൾ കർഷക സമൂഹത്തിനു ലഭ്യമാക്കുകയും ചെയ്യുക വഴി കൃഷി ഓഫീസർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് ഫീൽഡ് സന്ദർശനത്തിന് കൂടുതൽ സമയം ലഭിക്കുകയും അങ്ങനെ കർഷകർക്ക് പരമാവധി സേവനം നൽകുക തുടങ്ങിയവയാണ് സ്മാർട്ട് കൃഷി ഭവൻ വഴി ഉദ്ദേശിക്കുന്നത്. |
| (സി) | നെടുമ്പനയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള സ്മാർട്ട് കൃഷിഭവന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (സി) | നബാർഡ് RIDF പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമ്പന കൃഷിഭവന്റെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ കൃഷിഭവൻ നിർമ്മാണത്തിനായി അനുവദിച്ച ഭൂമി സംബന്ധിച്ച തർക്കം ഉയർന്നതിനാൽ നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. തർക്കം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ